AYURVEDA COLLEGE

***808. [15] Sry. Annie Mascarene:**

I am not asking question No. 15.

കുത്തകപ്പാട്ടം

*വ്യ ൦ ൽ. (ഫ ന്ന) ശ്രീമതി ആനിമസ്ക്രീൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ലാൻഡ് വകുപ്പുമന്ത്രി സഭയം മറുപടി പറയുമോ.—

(എ) കഴിഞ്ഞ മൂന്നു വർഷത്തിനകം ദേവികുളം താലൂക്കിൽ പള്ളിവാസൽ പകുതിയിൽ എത്ര ഏക്കർ സ്ഥലം കുത്തകപ്പാട്ടത്തിനായി കൊടുത്തിട്ടുണ്ട്;

(ബി) സ്ഥലങ്ങൾ പാട്ടത്തിനു കൊടുക്കുന്നു എന്നു് മുൻകൂട്ടി പരസ്യം ചെയ്യോ;

(സി) കുത്തകപ്പാട്ടം എത്ര വർഷത്തേയ്ക്കാണു്;

(ഡി) ദരിദ്രന്മാരെ അവഗണിച്ചിട്ടു് ധനവാന്മാർക്കും അവരുടെ ആശ്രിതന്മാർക്കും ഭൂമി കൊടുത്തു എന്നു് ഗവൺമെണ്ടിനു പരാതി ലഭിച്ചിട്ടുണ്ടോ;

(ഇ) മേൽപറയപ്പെട്ട സ്ഥലങ്ങളിലെ തടികൾ വെട്ടി നശിപ്പിച്ചു എന്നു് നിയമസഭയിൽ ഉണ്ടായ വാദത്തെ സംബന്ധിച്ചു് ഗവൺമെണ്ടു് വല്ല അന്വേഷണവും നടത്തിയിട്ടുണ്ടോ;

(എഫ്) അഞ്ചുലക്ഷം രൂപാ വിലക്കു് ആ സ്ഥലത്തെ തടികൾ എടുത്തുകൊള്ളാമെന്ന അപേക്ഷ കിട്ടിയിട്ടുണ്ടോ;

(ജി) തടികളുടെ എണ്ണം ഗവൺമെണ്ടു് അന്വേഷിച്ചു് തിട്ടപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ തിട്ടപ്പെടുത്തിയതു് കുത്തകപ്പാട്ടത്തിനുള്ള ഉത്തരവിനു മുമ്പോ പിമ്പോ?

Minister for Law, Finance and Revenue **(Sri. A. J. John):** The answer is not ready.

Sri. P. Balakrishnan Tampi: Do the observations regarding question No. 7 apply also to this question—(question No. 16)? Before the session closes this time, Government may be enabled to place an answer on the table of the House.

ശ്രീ. എ. ജെ. ജോൺ: അതിനുമുമ്പുതന്നെ ഉത്തരം മുഴുവൻ കിട്ടിയാൽ അതു് ഈ സഭമുമ്പാകെ വയ്ക്കുന്നതാണു്.

മദ്യവർജ്ജനം

*വ്യ ഫ ൦. (ഫ ൭) ശ്രീമതി ദേവകീഗോപിദാസ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സഭയം മറുപടി പറയുമോ.—

(എ) അടുത്ത സാമ്പത്തികവർഷത്തിലേക്ക് (ഫ ൻ ൪ ഫ ൽ) മദ്യവർജ്ജനം കൂടുതലായി എപ്പെടുത്തേണ്ട ആവശ്യമില്ലെന്നു തീരുമാനിച്ചിട്ടുണ്ടോ;

(ബി) അപ്രകാരം തീരുമാനിച്ചെങ്കിൽ അതിന്റെ കാരണം എന്താണെന്നു പറയുവാൻ ദയവുണ്ടാകുമോ;

(സി) മദ്യവർജ്ജനം നടപ്പിലാക്കുന്നതുസംബന്ധിച്ചു് ഈ സംസ്ഥാനത്തെ ജനപക്ഷം ആളുകളുടെയും അഭിപ്രായം എന്താണെന്നു ഗവൺമെണ്ടു് അന്വേഷിച്ചിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly